# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1725 14.08.2017- ൽ മറുപടിയ്ക്ക്

## കോട്ടയ്ക്കലിലെ പ്രവാസി ക്ഷേമനിധി ബോർഡ് ലെയ്സൺ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ പ്രവർത്തിച്ച വന്നിരുന്ന പ്രവാസി ക്ഷേമനിധി ബോർഡിന്റെ ലെയ്സൺ ഓഫീസ് കോട്ടക്കലിൽ നിന്ന് മാറ്റുവാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടാണോ നിർത്തുവാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ ; | എ) പ്രവാസി ക്ഷേമ ബോർഡിന്റെ കോട്ടയ്ക്കൽ ലെയ്സൺ ഓഫീസിൽ നിലവിൽ ക്ഷേമനിധിയിൽ അംഗമാകുന്നതിന് ഒരു മാസം 70 മുതൽ 100 വരെയുള്ള അപേക്ഷകൾ മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ ലെയ്സൺ ഓഫീസ് മലപ്പുറം ജില്ലാ കളക്ടറേറ്റിലേക്ക് മാറ്റിയാൽ ജില്ലയിലാകെയുള്ള അംഗങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുമെന്ന വസ്തുത കണക്കിലെടുത്ത് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം ബോർഡ് നല്കിയിരിക്കുകയാണ്. പ്രസ്തുത നിർദ്ദേശമനുസരിച്ച് ഓഫീസ് മലപ്പുറം ജില്ലാകളക്ടറേറ്റിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓഫീസ് മാറ്റുന്നത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. കോട്ടയ്ക്കൽ ഓഫീസിൽ ലഭിച്ചിരുന്ന അപേക്ഷകളുടെ എണ്ണം നന്നേ കുറവായ സാഹചര്യത്തിലാണ് ഓഫീസ് മാറ്റുന്ന കാര്യം പരിഗണിച്ചത്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ക്ഷേമ നിധി ഓഫീസിൽ നിന്നും നാളിതുവരെയായി പിരിഞ്ഞ തുകയുടെ വിശദമായ വിവരം ലഭ്യമാക്കുമോ ; | ബി) യും സി) യും | ജില്ലാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ക്ഷേമബോർഡിന്റെ അക്കൗണ്ടിലേക്ക് നേരിട്ടാണ് പണം അടയ്ക്കുന്നത്. |
| സി) | മറ്റു ജില്ലകളിൽ പിരിഞ്ഞ തുകയുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ ; | | |
| ഡി) | ഏറ്റവും കൂടുതൽ പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏത് ജില്ലയിലാണ്; വ്യക്തമാക്കുമോ ? | ഡി) | കേരള പ്രവാസി ക്ഷേമനിധിയിൽ ഏറ്റവും കൂടുതൽ പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് കൊല്ലം ജില്ലയിൽ നിന്നാണ്. |

സെക്ഷൻ ഓഫീസർ